പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1679 02.07.2015 - ൽ മറുപടിയ്ക്ക്

## സോഷ്യൽ സെക്യൂരിറ്റി മിഷൻ

ചോദ്യം

ശ്രീ. റ്റി.വി.രാജേഷ്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; വിശദാംശം നൽകുമോ ? | (എ) | **1. ക്യാൻസർ സുരക്ഷാ പദ്ധതി :**<br>18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് സൗജന്യ ചികിത്സ അനുവദിക്കുന്ന പദ്ധതി<br>**2. താലോലം പദ്ധതി :**<br>ജനിതകരോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന കുട്ടികളെ രോഗത്തിൽ നിന്നും മോചിതരാക്കി ആരോഗ്യമുള്ളവരാക്കി തീർക്കുന്ന പദ്ധതി<br>**3.ആശ്വാസകിരണം പദ്ധതി :**<br>തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരേയും സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മാനസികരോഗങ്ങൾ, ഓട്ടിസം എന്നീ വൈകല്യങ്ങളാൽ കഴിയുന്നവരേയും പരിചരിക്കുന്നവർക്ക് മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ സാധിക്കുന്നില്ല. ഇത്തര ക്കാർക്ക് ആശ്വാസം നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പാക്കുന്ന പദ്ധതി<br>**4. സ്നേഹസ്പർശം പദ്ധതി :**<br>ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്ന ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സഹായം നൽകി പുനരധിവസിപ്പിക്കുന്ന പദ്ധതി<br><br>**5. സ്നേഹസാന്ത്വനം പദ്ധതി :**<br><br>എൻഡോസൾഫാൻ ദുരിതബാധിതരായ കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിലിലേർപ്പെടാനോ ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക ശേഷി കണ്ടെത്താനോ സാധിക്കുന്നില്ല. ഗുരുതരമായി രോഗത്തിന് അടിമപ്പെട്ട് നിരന്തര ചികിത്സയും പരിചരണവും ആവശ്യമായ എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയിൽ എൻഡോസൾഫാൻ ബാധിതരും ശയ്യാവലംബരുമായ വികലാംഗ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താവിന് 2000/- രൂപയും വികലാംഗപെൻഷൻ ലഭിക്കുന്ന ഗുണഭോക്താവിന് 1700/- രൂപയും മറ്റ് രോഗബാധിതരായവർക്ക് 1000/- രൂപയും അനുവദിക്കുന്നു.<br><br>**6.എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി :**<br><br>എൻഡോസൾഫാൻ ദുരിതബാധിതരായ കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് കുടുംബങ്ങൾക്ക് വഹിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഒരു കുട്ടിയുടെയും വിദ്യാഭ്യാസം മുടങ്ങുവാൻ പാടില്ല എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കി വരുന്ന പദ്ധതിയിൽ 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപയും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3000/- രൂപയും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 4000/- രൂപയും വീതം വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | **7. വയോമിത്രം പദ്ധതി :**<br>നഗരപ്രദേശങ്ങളിലെ 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനു വേണ്ടി ഹെൽപ്പ്ഡെസ്ക്, ആംബുലൻസ് സർവ്വീസ്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ, സൗജന്യ മെഡിസിൻ എന്നിവ നൽകി വയോജനങ്ങൾക്ക് ആശ്വാസം പകരുകയെന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന പദ്ധതി.<br><br>**8.സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി :**<br>സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള മിക്ക ക്ഷേമ സ്ഥാപനങ്ങളിലും പ്രവേശിപ്പിക്കാൻ അനുമതിയുള്ള അന്തേവാസികൾക്ക് ആവശ്യമായ പരിരക്ഷ നൽകി അവരുടെ ശാരീരിക മാനസിക ശേഷി വർദ്ധിപ്പിക്കുന്ന പദ്ധതി<br><br>**9. വിശപ്പുരഹിത നഗരം പദ്ധതി :**<br>അപ്രതീക്ഷിത സന്ദർഭങ്ങളിൽ ആശുപത്രികളിലോ നഗരപ്രദേശങ്ങളിലോ എത്തിച്ചേരുമ്പോൾ ഭക്ഷണത്തിന് നിവൃത്തിയില്ലാതെ ഇരിക്കുന്നവർക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന പദ്ധതി.<br><br>**10.ശ്രുതിതരംഗം പദ്ധതി :**<br>ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതി. |

**11. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :**

വികലാംഗർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട ആനുകൂല്യം ലഭിക്കുന്നതിന് പി.ഡബ്ല്യൂ.ഡി ആക്ട് പ്രകാരം തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി.

**12. സ്നേഹപൂർവ്വം പദ്ധതി :**

മാതാപിതാക്കൾ രണ്ടുപേരും മരിച്ചുപോകുകയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതാവുകയും ചെയ്യുന്ന വീടുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിന് പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതി

**13. സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് (എസ് ഐ ഡി)**

വൈകല്യം തടയുന്നതിനായി പ്രാരംഭനിർണ്ണയം, പ്രാരംഭഇടപടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലഭ്യമാക്കുന്ന പദ്ധതി.

**14. സമാശ്വാസം പദ്ധതി :**

സംസ്ഥാനത്ത് വൃക്കതകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് പ്രതിമാസ ധനസഹായം. സംസ്ഥാനത്ത് വൃക്ക/കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷികവരുമാനമുള്ള കുടുംബങ്ങളിൽപ്പെട്ടവർക്ക് പ്രതിമാസം 1000/- രൂപ ധനസഹായം നൽകിവരുന്നു.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് ഹീമോഫീലിയ രോഗിക്ക് സാമ്പത്തിക പരിധിയില്ലാതെ പ്രതിമാസം 1000/- രൂപ വീതം ധനസഹായം ഈ പദ്ധതി പ്രകാരം നൽകിവരുന്നു.<br>**15. കാരുണ്യ ഡെപ്പോസിറ്റ് സ്കീം :**<br>ഒരു ലക്ഷം രൂപയോ അതിന്റെ ഗുണിതങ്ങളോ നിക്ഷേപിക്കുന്ന വ്യക്തിക്ക് ഒരു വർഷത്തിന് ശേഷം നിക്ഷേപിച്ച് തുക തിരിച്ചു നൽകുകയും, ടി തുകയിൽ നിന്ന് ലഭിക്കുന്ന പലിശയും സാമൂഹ്യ സുരക്ഷാ മിഷന്റെ ഫണ്ടിൽ നിന്നും തത്തുല്യ തുകയും ചേർത്ത് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് നൽകുകയും ചെയ്യുന്ന പദ്ധതി.<br>**16. വി-കെയർ :**<br>സഹായമർഹിക്കുന്ന കേരളത്തിലെ ആബാലവൃദ്ധം ജനങ്ങൾക്കും ഒരു കൈത്താങ്ങ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സഹായവും നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നതാണ് വി - കെയർ പദ്ധതി. |

**സെക്ഷൻ ഓഫീസർ**